പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 5857 | 28/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
| --- | --- |

**വൈക്കം ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | **ശ്രീ.സി.കെ. ആശ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈക്കം താലൂക്ക് ഗവൺമെന്റ് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസന പദ്ധതി ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ; | എ) | ദ്വിതീയ ത്രിതീയ മേഖലകളിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കെ.ഐ.ഐ. എഫ്. ബി-യിൽ നിന്നും ജില്ലാ താലൂക്ക് ജനറൽ ആശുപത്രിയിൽ 2000/- കോടി രൂപ നിക്ഷേപം അനുവദിക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിര മുൻഗണനപട്ടിക പ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ വൈക്കം തലൂക്കാശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ അടിസ്ഥാന വികസനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഡി.എം.ഒ വഴി സ്വീകരിച്ച് വരുന്നു. |
| ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| സി) | നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല എങ്കിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുവാൻ നിലവിൽ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | പുതുതായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിൽ വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ഡി) | കോട്ടയം ജില്ലയിൽ ഗവൺമെന്റ് ജില്ലാ ആശുപത്രി നിലവിലുണ്ടോ; | ഡി) | നിലവിലുണ്ടായിരുന്ന ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ജി.ഒ. (എം.എസ്) നമ്പർ 359/13/എച്ച് & എഫ്.ഡബ്ള്യൂ.ഡി തീയതി 19/08/2013 എന്ന ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | ഉയർത്തിയിട്ടുണ്ട്. |
| ഇ) | വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇ) | സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ വിഭാഗം സ്ഥാപനത്തിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ആരോഗ്യവകുപ്പ് ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി 17 ജില്ലാ തല ആശുപത്രിയെയും, 75 താലൂക്ക്തല ആശുപത്രികളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ ജനറൽ ആശുപത്രിയാണ് ജില്ലാ തല ആശുപത്രിയായി ടി ജില്ലയിൽ നിന്ന് ഉൾപ്പെടുത്തിയിട്ടുള്ളത്. വൈക്കം താലൂക്കിലെ താലൂക്ക് തല ആശുപത്രിയായി വൈക്കം താലൂക്ക് ആശുപത്രിയെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, (ജി.ഒ (എം,എസ്) നം. 58/2017/എച്ച് & എഫ്. ഡബ്ല്യൂ. ഡി തീയതി 22/04/2017) ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ